LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല വിതരണത്തിനായി കേന്ദ്രഗവൺമെന്റും നബാർഡും നൽകിയ തുക

57 [233] ശ്രീ. ടി. എൻ. പ്രതാപൻ:

" വി. ഡി. സതീശൻ:

" കെ. ബാബു:

" എൻ. ടി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ശുദ്ധജലവിതരണത്തിനായി കേന്ദ്രഗവൺമെന്റിൽ നിന്നും നബാർഡിൽ നിന്നും എന്തു തുക വീതം കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏത്ര പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) നബാർഡിൽനിന്ന് എന്തെല്ലാം വ്യവസ്ഥയിന്മേലാണ് പണം കിട്ടുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്കുവേണ്ടി 15.88 കോടി രൂപ കേന്ദ്രസർക്കാർ സഹായവും കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി നടപ്പിലാക്കുന്ന ജലനിധി പദ്ധതി പ്രകാരമുള്ള ശുദ്ധജലവിതരണത്തിനായി 11 കോടി രൂപ ലോകബാങ്ക് സഹായവും കേന്ദ്രസർക്കാർ മുഖേന ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ നബാർഡിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) ജലനിധി പദ്ധതി അനുസരിച്ച് ചെലവിടുന്ന 11 കോടി രൂപ 200 പദ്ധതികൾക്കും കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾക്ക് ലഭിച്ച 15.88 കോടി രൂപയിൽ എ.യു.ഡബ്ല്യു.എസ്.പി. പദ്ധതിക്ക് കിട്ടിയ 231.54 ലക്ഷം രൂപ രണ്ട് പുതിയ പദ്ധതികൾക്കും സുജൽധാരാ പദ്ധതിക്ക് കിട്ടിയ 324.4 ലക്ഷം രൂപ 55 പുതിയ പദ്ധതികൾക്കും എ.ആർ.പി.പദ്ധതിക്ക് കിട്ടിയ 1032 ലക്ഷം രൂപ ഈ പദ്ധതിയിൽ നടപ്പിലാക്കി വരുന്ന പഴയ പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) നബാർഡിൽനിന്നും പണം കിട്ടുന്നതിനുള്ള പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നു:

1. ഗ്രാമീണ മേഖലകൾക്ക് പ്രയോജനം ചെയ്യുന്ന പദ്ധതിക്കു മാത്രമേ നബാർഡ് സഹായം ലഭിക്കുകയുള്ളൂ. പദ്ധതികളുടെ വിശദമായ പ്രൊപ്പോസൽ നബാർഡിന് സമർപ്പിക്കേണ്ടതാണ്. സാങ്കേതികമായും സാമ്പത്തികമായും ഫീസിബിൾ ആയിട്ടുള്ള പദ്ധതികൾക്ക് ഗവൺമെന്റ് പ്രസ്തുത വർഷത്തേയ്ക്ക് കുടിവെള്ള വിതരണ പദ്ധതികൾക്ക് നബാർഡ് ലോണിന് അനുവദിച്ചിട്ടുള്ള തുകയ്ക്ക് വിധേയമായിട്ടാണ് ലോണിന് അനുമതി ലഭിക്കുന്നത്.

2. പദ്ധതികളുടെ നിർമ്മാണച്ചെലവിന്റെ 85 ശതമാനം തുകയ്ക്കുള്ള (ഭൂമി ഏറ്റെടുക്കൽ, എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് എന്നിവയ്ക്കുള്ള തുക ഒഴിച്ച്) വായ്പ ലഭിക്കും.

3. നബാർഡിൽനിന്നും പദ്ധതികൾക്ക് ലഭ്യമാകുന്ന വായ്പ ആ പദ്ധതികളുടെ നടത്തിപ്പിന് വേണ്ടി മാത്രമേ ഉപയോഗപ്പെടുത്താൻ പാടുള്ളൂ.

4. നബാർഡ് വായപ അനുവദിക്കുന്ന കാലത്ത് നിലവിലിരിക്കുന്ന ബാങ്ക് പലിശ നിരക്കിനേക്കാളും 2 ശതമാനം കൂടുതലായിരിക്കും നബാർഡിന്റെ പലിശനിരക്ക്.

5. നബാർഡ് വായ്പ തുല്യ വാർഷിക ഗഡുക്കളായി വായ്പ ലഭ്യമായ തീയതി മുതൽ 7 വർഷത്തിനകം അടച്ചുതീർക്കണം. ഇതിൽ 2 വർഷം ഗ്രേസ് പീരിയഡാണ്. പലിശ മൂന്ന് മാസത്തിലൊരിക്കൽ സംസ്ഥാന സർക്കാർ അടയ്ക്കണം.

6. നബാർഡ് സഹായത്തോടെയുള്ള പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും വായ്പാ ഗഡുക്കളുടെയും പലിശയുടെയും മറ്റും തിരിച്ചടവിനുമായി സംസ്ഥാന സർക്കാർ ബജറ്റിൽ പര്യാപ്തമായ തുക വകയിരുത്തേണ്ടതാണ്.

7. നബാർഡിൽനിന്നും വായ്പ ലഭ്യമാകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്. നിശ്ചിത കാലയളവിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ അതിനുള്ള കാരണം നബാർഡിനെ അറിയിക്കേണ്ടതും അതിന് നബാർഡിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്.

ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതി

58 [234] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇനി തുടങ്ങുവാൻ ബാക്കിയുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ പദ്ധതിക്കും വേണ്ടിയുള്ള മതിപ്പ് ചെലവ് എത്രയാണ്; ഇതിനകം ഓരോ പദ്ധതിക്കും ചെലവാക്കിയ തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതികൾ ഓരോന്നും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ജപ്പാൻ ഗവൺമെന്റിന്റെ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കുമുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതി, മീനാടിനും സമീപഗ്രാമങ്ങൾക്കുമുള്ള സമഗ്രശുദ്ധജലവിതരണ പദ്ധതി (കൊല്ലം ജില്ല),

LIBRARY ARCHIVES Kerala Legislative Assembly